**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 889** **14-10-2026-ൽ മറുപടിയ്ക്ക്**

**ജലസുരക്ഷക്ക് ദീർഘകാല പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. കെ. ജയന്ത്

ശ്രീമതി ഉഷ വിജയൻ

ശ്രീ. ടി .ഒ. മോഹനൻ

ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** കാലാവസ്ഥാ വ്യതിയാനത്തിന്റെയും അടിക്കടിയുണ്ടാകുന്ന എൽനിനോ, ലാനിന പ്രതിഭാസങ്ങളുടെയും പശ്ചാത്തലത്തിൽ സംസ്ഥാനത്തിന്റെ ജലസുരക്ഷ ഉറപ്പാക്കാൻ ദീർഘകാല പദ്ധതി തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ;

**മറുപടി:**

പ്രതിവർഷം ശരാശരി 3000 മില്ലിമീറ്റർ മഴ ലഭിച്ചിട്ടും, മൺസൂൺ കാലങ്ങൾക്ക് ശേഷമുള്ള വരണ്ട കാലാവസ്ഥയിൽ അനുഭവപ്പെടുന്ന ജലദൗർലഭ്യം നേരിടാൻ ജലസേചന വകുപ്പ് മുഖേന വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. വരൾച്ച മുന്നിൽ കണ്ട് ഭൂജലനിരപ്പ് താഴ്ന്ന പ്രദേശങ്ങളിൽ മഴവെള്ള സംഭരണം വർദ്ധിപ്പിക്കുന്നതിനായി തോടുകളിലും ചെറുനദികളിലും തടയണകളും താൽക്കാലിക തടയണകളും നിർമ്മിക്കുകയും, കുളങ്ങളുടെ സംഭരണശേഷി കൂട്ടാൻ ചെളിയും എക്കലും നീക്കം ചെയ്യുകയും ചെയ്തുവരുന്നു. മുൻകാലങ്ങളിൽ നിർമ്മിച്ചിട്ടുള്ള ജലസംരക്ഷണ ഉപാധികളുടെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി തീർപ്പാക്കുകയും, കേരള വാട്ടർ അതോറിറ്റിയുടെ പമ്പ് ഹൗസുകൾക്ക് സമീപമുള്ള തടയണകൾ പ്രത്യേകം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. വേനൽ കടുക്കുമ്പോൾ കുടിവെള്ളത്തിന് മുഖ്യപരിഗണന നൽകി ഡാമുകളിലെ ജലവിതരണം ക്രമീകരിക്കുന്നുമുണ്ട്. ദീർഘകാല ജലസുരക്ഷ ഉറപ്പാക്കാൻ, സംയോജിത നദീതട സംരക്ഷണത്തിനും മാനേജ്മെന്റിനുമുള്ള പ്രവർത്തന ചട്ടക്കൂട് 26-06-2025-ൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട് .

പ്രാദേശികമായി മറ്റു കുടിവെള്ള പദ്ധതികൾ ഇല്ലാത്ത പ്രദേശങ്ങളിൽ ശാസ്ത്രീയമായി പഠനം നടത്തി 25 മുതൽ 100 വരെ കുടുംബങ്ങൾക്ക് പ്രയോജനം ലഭ്യമാക്കുന്ന കുഴൽ കിണർ അധിഷ്ഠിത ചെറുകിട കുടിവെള്ള പദ്ധതികളും ഭൂജല സംരക്ഷണവും സംപോഷണവും എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കൃതിമ ഭൂജല സംപോഷണ പ്രവർത്തനങ്ങളും ഭൂജല വകുപ്പ് മുഖേന സംസ്ഥാനത്തു നടപ്പിലാക്കി വരുന്നുണ്ട് .

**(ബി)** ഓരോ ജില്ലയിലെയും ജല ലഭ്യതക്കനുസരിച്ച് പ്രത്യേക ജലബജറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

**മറുപടി:**

ഓരോ ജില്ലയിലെയും ജലലഭ്യതയ്ക്കും ആവശ്യകതയ്ക്കും അനുസരിച്ച് ശാസ്ത്രീയമായി ജലബജറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഗൈഡ്‌ലൈനുകൾ തയ്യാറാക്കിയിട്ടുണ്ട്. 2026 മാർച്ച് വരെ 609

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. .കൂടാതെ"ജലസമൃദ്ധി"പദ്ധതിയുടെ ഭാഗമായി 1013തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തയ്യാറാക്കിയ നീരുറവ് മാസ്റ്റർ പ്ലാനുകൾ അടിസ്ഥാനമാക്കി ജലബജറ്റിംഗിലൂടെ കണ്ടെത്തിയ ജലകമ്മി പരിഹരിക്കാനും വരൾച്ചയും വെള്ളപ്പൊക്കവും നേരിടാനുമുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.ജലസേചന വകുപ്പ്,മണ്ണ് സംരക്ഷണ വകുപ്പ്,ഭൂഗർഭജല വകുപ്പ്,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ,ഹരിതകേരളം മിഷൻ എന്നിവരുടെ പങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് തലങ്ങളിൽ തയ്യാറാക്കുന്ന ജലബജറ്റുകൾ സംയോജിപ്പിച്ച് ജില്ലാ,സംസ്ഥാന തലങ്ങളിലേക്ക് ക്രോഡീകരിക്കാനും,ഭാവിയിലെ ജലവിഭവ പദ്ധതികൾ ശാസ്ത്രീയമായി ആസൂത്രണം ചെയ്യാനുമാണ് ലക്ഷ്യമിടുന്നത്.

**(സി)** കുടിവെള്ളം, കൃഷി, വ്യവസായം എന്നീ മേഖലകളിലെ ഭാവിയിലെ ജലാവശ്യകത മുന്നിൽക്കണ്ട് സംസ്ഥാനതല ജലനയം തയ്യാറാക്കുമോയെന്ന് വ്യക്തമാക്കാമോ?

**മറുപടി:** നിലവിലെ സംസ്ഥാന ജലനയത്തിൽ(2008-ലെ)ജലവിനി യോഗത്തിലെ മുൻഗണനകൾ എന്ന വിഭാഗത്തിൽ കുടിവെള്ളം, കൃഷി,വ്യവസായം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെയും നിലവിലെ ദേശീയ ജലനയത്തിന്റെയും വെളിച്ചത്തിൽ നിലവിലെ സംസ്ഥാന ജലനയം(2008)പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, വിവിധ മേഖലകളിലെ ജലവിനിയോഗത്തെ സംബന്ധിച്ച വിഷയം കൂടി ഉൾപ്പെടുത്തിക്കൊണ്ട് തയ്യാറാക്കിയ കരട് ജലനയത്തിൻമേൽ വിവിധ സ്റ്റേക്ക് ഹോൾഡർ വകുപ്പുളിൽ നിന്നുള്ള അഭിപ്രായങ്ങൾ ക്രോഡീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്

**സെക്ഷൻ ഓഫീസർ**